©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്

## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | 30th April 2013<br>2013 ഏപ്രിൽ 30<br>10th Vaisakha 1935<br>1935 വൈശാഖം 10 | No.<br>നമ്പർ 18 |

## PART III

## Industries Department

### വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

#### വിജ്ഞാപനം

നമ്പർ പി.എം.പി1/22011/11. 2013 ഏപ്രിൽ 4.

2012-ലെ കേരള സംസ്ഥാന സേവന അവകാശ നിയമം (2012-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് വ്യവസായ വാണിജ്യ ഡയറക്ടർ താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള സേവനം പ്രദാനം ചെയ്യുന്നതിനായും അത്തരം സേവനങ്ങൾ സംബന്ധിച്ച് നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയ പരിധി എന്നിവയുൾപ്പെടെ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

**ജില്ലാ വ്യവസായ കേന്ദ്രം**

| ക്രമ നമ്പർ | സേവനം | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | സംരംഭകത്വ സഹായ പദ്ധതി | | | | |
| 1 (എ) | സ്റ്റാർട്ട് അപ്പ് സഹായം | 15 ദിവസം | ജനറൽ മാനേജർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |
| 1 (ബി) | നിക്ഷേപ സഹായം (രണ്ടുകോടി രൂപ വരെയുള്ള നിക്ഷേപത്തിന്) | 3 മാസം | ജനറൽ മാനേജർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |
| 1 (സി) | സാങ്കേതിക സഹായം | 1 മാസം | ജനറൽ മാനേജർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 2 | വ്യവസായ ഭൂമി അലോട്ട് ചെയ്തു നൽകൽ (എല്ലാ ജില്ലയിലും 1 ഏക്കറിന് താഴെയുള്ള അലോട്ട്മെന്റ്, കാസർഗോഡ് ജില്ലയിൽ 2 ഏക്കറിന് താഴെ) | 3 മാസം | ജനറൽ മാനേജർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |
| 3 | സംരംഭകത്വ മെമ്മോറാണ്ടം ഫയലിംഗ് (I അല്ലെങ്കിൽ II) | 2 ദിവസം | ജനറൽ മാനേജർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |
| 4 | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് (സ്പിരിറ്റ്, ഈതേൽ, ആൽക്കഹോൾ, മൊളാസിസ് എന്നിവ ഒഴികെ ഉള്ളവയ്ക്ക്) | 30 ദിവസം | ജനറൽ മാനേജർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**

| ക്രമ നമ്പർ | സേവനം | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | സംരംഭകത്വ സഹായ പദ്ധതിയിലെ നിക്ഷേപ സഹായം (രണ്ടുകോടി രൂപയ്ക്ക് മേലുള്ള നിക്ഷേപത്തിന്) | 3 മാസം | ജോയിന്റ് ഡയറക്ടർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |
| 2 | വ്യവസായ ഭൂമി അലോട്ട് ചെയ്തു നൽകൽ (എല്ലാ ജില്ലയിലും 1 ഏക്കറിന് മുകളിലുള്ള അലോട്ട്മെന്റ്, കാസർഗോഡ് ജില്ലയിൽ 2 ഏക്കറിന് മുകളിൽ) | 1 മാസം | ജോയിന്റ് ഡയറക്ടർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |
| 3 | സർക്കാർ ഓഹരി പങ്കാളിത്തം/ സംഘങ്ങൾക്കുള്ള ധനസഹായം | 15 ദിവസം | ഡെപ്യൂട്ടി രജിസ്ട്രാർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |
| 4 | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് (സ്പിരിറ്റ്, ഈതേൽ, ആൽക്കഹോൾ, മൊളാസിസ് തുടങ്ങിയവയ്ക്ക്) | 15 ദിവസം | ജോയിന്റ് ഡയറക്ടർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |
| 5 | എൽ. ഒ. ജി. ലൈസൻസ് | 1 മാസം | ജോയിന്റ് ഡയറക്ടർ | അഡീഷണൽ ഡയറക്ടർ | ഡയറക്ടർ |

(ഒപ്പ്)

വ്യവസായ വാണിജ്യ ഡയറക്ടർ.

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവന അവകാശം ആക്ടിന്റെ (2012-ലെ 18) 3-ാം വകുപ്പ് ഈ ആക്ടിന്റെ (2012-ലെ 18) 3-ാം വകുപ്പ് ഈ ആക്ടിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വകുപ്പ് മേധാവികളെ അധികാരപ്പെടുത്തുന്നു. അതനുസരിച്ച് വ്യവസായ വാണിജ്യ ഡയറക്ടർ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.